പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1939 — 04.12.2018-ൽ മറുപടിയ്ക്ക്

## ചാത്തന്നൂരിൽ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ജി.എസ്.ജയലാൽ | | ശ്രീ. എ. കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |
| (എ) | ചാത്തന്നൂർ ആസ്ഥാനമായി ഒരു സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് തുടങ്ങുന്നത് സംബന്ധിച്ച് ദക്ഷിണ മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ചാത്തന്നൂർ ആസ്ഥാനമായി ഒരു സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ചുള്ള സാധ്യതാ പഠന റിപ്പോർട്ട് ദക്ഷിണ മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഏറ്റവുമധികം വാഹനാപകടങ്ങൾ നടക്കുന്ന മേഖല എന്ന നിലയിലും ആ.ടി. ഓഫീസ് സംബന്ധമായ ആവശ്യങ്ങൾക്ക് കൊല്ലം താലൂക്കിന്റെ തെക്കൻ മേഖലയിലെ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി ചാത്തന്നൂരിൽ ഒരു സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് സ്ഥാപിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ; | (ബി) | ചാത്തന്നൂരിൽ ഒരു പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല |
| (സി) | പ്രസ്തുത ഓഫീസ് ചാത്തന്നൂരിൽ ആരംഭിക്കുന്നതിന് താമസം നേരിടുന്ന സാഹചര്യത്തിൽ ചാത്തന്നൂർ ആസ്ഥാനമായി ഒരു ഡ്രൈവിംഗ് ടെസ്റ്റ് സെന്റർ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (സി) | ഡ്രൈവിംഗ് ടെസ്റ്റ് സെന്റർ തുടങ്ങുന്നതിന് 2 ഏക്കർ സ്ഥല ലഭ്യത ആവശ്യമാണ്. അവ ലഭ്യമാകുന്ന മുറയ്ക്ക് തുടങ്ങാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം



e- 58277/18

2556314/2018/TRANS(OS)
SZ/158/2018-DTCSZ

ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ
കാര്യാലയം, ദക്ഷിണ മേഖല,
തിരുവനന്തപുരം.
തീയതി: - 09.03.2018
ഇ-മെയിൽ:- dtctvm@keralamvd.gov.in
ഫോൺ : - 0471 – 2733336.

പ്രേഷിതൻ,
ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ,
ദക്ഷിണ മേഖല,
തിരുവനന്തപുരം.

A1

സ്വീകർത്താവ്,
ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

RECEIVED ON 16 MAR 2018

സർ,

വിഷയം: - മോട്ടോർ വാഹന വകുപ്പ് – ചാത്തന്നൂർ കേന്ദ്രമായി റീജിയണൽ ട്രാൻസ്പോർട്ട് അനുവദിക്കുന്നത് – റിപ്പോർട്ട് സമർപ്പിക്കുന്നത് – സംബന്ധിച്ച് : -

സൂചന: - 1. അങ്ങയുടെ ആഫീസിൽ നിന്നുള്ള 09.01.2018 തീയതിയിലെ കത്ത് നം. എ1/ഇ-43600/2017/റ്റി.സി.
2. 06.02.2018 തീയതിയിലെ കൊല്ലം ആർ.റ്റി.ഓ യുടെ കത്ത് നം. ജി8/168/2018/ക്യൂ.

സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. ചാത്തന്നൂർ കേന്ദ്രമായി പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചാത്തന്നൂർ എം.എൽ.എ ശ്രീ. ജി എസ് ജയലാൽ ഗതാഗത സെക്രട്ടറിക്ക് സമർപ്പിച്ച കത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സംബന്ധിച്ച വിശദമായ സാധ്യതാ പഠന റിപ്പോർട്ട് സമർപ്പിക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ നടത്തിയ പ്രാഥമിക പഠനത്തിൽ നിന്നും ലഭിച്ച വസ്തുതകൾ റിപ്പോർട്ട് രൂപത്തിൽ ചുവടെ സമർപ്പിക്കുന്നു.

ചാത്തന്നൂർ പ്രദേശം നിലവിൽ കൊല്ലം താലൂക്കിൽ ഉൾപ്പെട്ടതിനാൽ ആ പ്രദേശത്തെ വാഹന സംബന്ധമായ സേവനങ്ങൾ നടത്തുന്നത് കൊല്ലം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെ പരിധിയിലാണ്. വളരെയധികം വാഹന സാന്ദ്രത കൂടിയ മേഖലയാണ് ചാത്തന്നൂർ ഉൾപ്പെടുന്ന പ്രദേശം. നിലവിൽ ഏകദേശം 68000 ൽ പരം ട്രാൻസ്പോർട്ട് ഇനത്തിലുള്ള വാഹനങ്ങളും 130000 ൽ പരം നോൺ ട്രാൻസ്പോർട്ട് ഇനത്തിലുള്ള വാഹനങ്ങളും ചാത്തന്നൂർ മേഖലകളിൽപ്പെട്ട വില്ലേജുകളിൽ ഉണ്ട്. പാരിപ്പള്ളി, കോട്ടപ്പുറം, പൂതക്കുളം, കല്ലുവാതുക്കൽ, ചിറക്കര, മീനാട്, നെടുമ്പന, ആദിച്ചനല്ലൂർ തുടങ്ങിയ വില്ലേജുകൾ ചാത്തന്നൂർ മേഖലയിൽ ഉൾപ്പെട്ടതാണ്. 400000 ത്തിലധികം ജനങ്ങൾ

Section Officer

അധിവസിക്കുന്ന ചാത്തന്നൂർ മേഖലയിൽ 8 ഗ്രാമപഞ്ചായത്തും പരവൂർ മുൻസിപ്പൽ പ്രദേശവും ഉൾപ്പെടുന്നു. ഈ പ്രദേശത്തു നിന്നും ലൈസൻസിനും ഡ്രൈവിംഗ് ലൈസൻസ് സംബന്ധമായും വാഹന സംബന്ധമായും മോട്ടോർ വാഹന നിയമപ്രകാരമുള്ള മറ്റ് സേവനങ്ങൾക്കും ജനങ്ങൾ 22 കിലോമീറ്ററിലധികം റോഡ് മാർഗ്ഗമോ റെയിൽ മാർഗ്ഗമോ യാത്ര ചെയ്ത് വേണം കൊല്ലം ഓഫീസിൽ വന്ന് സേവനങ്ങൾ നടത്തുകയാണ്. ഇതു മൂലം ആ പ്രദേശത്തെ ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാകുന്നതായി ധാരാളം പരാതികൾ ലഭിക്കുന്നുണ്ട്. ചാത്തന്നൂർ ആസ്ഥാനമായി മേൽ പറഞ്ഞ വില്ലേജുകൾ ഉൾപ്പെടുത്തി മോട്ടോർ വാഹന വകുപ്പിന്റെ ഒരു സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് പുതിയതായി ആരംഭിച്ചാൽ ആ പ്രദേശത്തെ ജനങ്ങൾക്ക് വളരെയധികം ഉപകാരപ്രദമായിരിക്കും. തന്നെയുമല്ല ജോലി ഭാരം മൂലം വീർപ്പ് മുട്ടുന്ന കൊല്ലം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന് ഈ തീരുമാനം ആശ്വാസപ്രദവുമായിരിക്കും. നിലവിലുള്ള സ്റ്റാഫ് പാറ്റേൺ കൊല്ലം ഓഫീസിലെ ജോലി ഭാരത്തിന് ഒട്ടും അനുസൃതമല്ല. 1990 കാലഘട്ടത്തിൽ കരുനാഗപ്പള്ളി താലൂക്കിൽ പുതിയ സബ് ഓഫീസ് ആരംഭിച്ച് കൊല്ലം ഓഫീസിലെ ജോലികൾ വിഭജിച്ച് നൽകിയതിനു ശേഷം പുതിയ ഓഫീസുകൾ ഒന്നും തന്നെ കൊല്ലം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെ ജോലി ഭാരം കുറക്കാൻ അനുവദിച്ചു നൽകിയിട്ടില്ല. ചാത്തന്നൂർ ആസ്ഥാനമായി പുതിയ ഒരു സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് അനുവദിക്കുന്നത് വഴി ഈ പ്രശ്നത്തിൽ ശാശ്വതമായ പരിഹാരം കണ്ടെത്താൻ സാധിക്കും. വാഹന പെരുപ്പവും ജന ബാഹുല്യവും കണക്കിലെടുത്ത് മതിയായ ജീവനക്കാരുടെ പുതിയ തസ്തികകൾ സൃഷ്ടിച്ചു കൊണ്ട് ചാത്തന്നൂരിൽ ആസ്ഥാനമായി പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ് എന്ന് അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ആയതിനാൽ ചാത്തന്നൂർ ആസ്ഥാനമായി മോട്ടോർ വാഹന വകുപ്പിന്റെ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കണമെന്ന ബഹു: ചാത്തന്നൂർ എം.എൽ.എ ശ്രീ. ജി.എസ് ജയലാൽ മുന്നോട്ട് വെച്ച നിർദ്ദേശം സജീവമായി പരിഗണിച്ച് പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് എത്രയും വേഗം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

12/3

ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ,
ദക്ഷിണ മേഖല.

OFFICE OF THE DEPUTY TRANSPORT COMMISSIONER, SOUTH ZONE * CIVIL STATION Thiruvananthapuram-43